**പതിനാറാം കേരള നിയമസഭ**

**ഒന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1224** **30-06-2026-ൽ മറുപടിയ്ക്ക്**

**<u>കുട്ടനാടൻ കാർഷിക മേഖലയിലെ വികസന പ്രവർത്തനങ്ങൾ</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. ജി. സുധാകരൻ ശ്രീ. ടി. സിദ്ദീഖ്

(കൃഷി വകുപ്പ് മന്ത്രി)

**(എ)** ആലപ്പുഴ, പത്തനംതിട്ട, കോട്ടയം ജില്ലകളിലായി വ്യാപിച്ചുകിടക്കുന്ന 80 വില്ലേജുകൾ ഉൾപ്പെടുന്ന കുട്ടനാടൻ കാർഷികമേഖലയുടെ അഭിവൃദ്ധിക്കായി പുതിയ നടപടികൾ സ്വീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ ആയതിന്റെ രൂപരേഖ വിശദീകരിക്കാമോ?

**<u>മറുപടി:</u> ആലപ്പുഴ, പത്തനംതിട്ട, കോട്ടയം ജില്ലകളിലായി വ്യാപിച്ചുകിടക്കുന്ന 80 വില്ലേജുകൾ ഉൾപ്പെടുന്ന കുട്ടനാടൻ കാർഷികമേഖലയുടെ സമഗ്ര വികസനത്തിനും ദീർഘകാല സംരക്ഷണത്തിനുമായി 2026-27 വർഷത്തെ പുതുക്കിയ സംസ്ഥാന വാർഷിക പദ്ധതിയിൽ വിവിധ പദ്ധതികൾ ഉൾപ്പെടുത്തിയിട്ടുണ്ട്. കുട്ടനാട് മേഖലയെ കാലാവസ്ഥാ വ്യതിയാനം, ആവർത്തിച്ചുണ്ടാകുന്ന പ്രളയം, ജലനിരപ്പിലെ വ്യതിയാനങ്ങൾ എന്നിവയിൽ നിന്ന് സംരക്ഷിക്കുകയും സമഗ്രവികസനം ഉറപ്പാക്കുകയും ചെയ്യുന്നതിനായി രണ്ടാം കുട്ടനാട് പാക്കേജ് പ്രാവർത്തികമാക്കുന്നതിന്റെ ഭാഗമായി 2026-27 സാമ്പത്തിക വർഷത്തിൽ 59.12 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. കാർഷികം, മൃഗസംരക്ഷണം, വ്യവസായം, കുടിവെള്ളം, ടൂറിസം, ശുചിത്വം, ഊർജം തുടങ്ങിയ മേഖലകളിലെ അടിസ്ഥാനസൗകര്യ വികസനവും പ്രളയനിയന്ത്രണ പ്രവർത്തനങ്ങളും ഈ പാക്കേജിന്റെ ഭാഗമായി നടപ്പിലാക്കുന്നതാണ്. കുട്ടനാട് മേഖലയിലെ പ്രത്യേക കാർഷിക പ്രശ്നങ്ങൾക്ക് ശാസ്ത്രീയ പരിഹാരങ്ങൾ കണ്ടെത്തുന്നതിനും നൂതന കാർഷിക സാങ്കേതിക വിദ്യകൾ പ്രചരിപ്പിക്കുന്നതിനുമായി "ഇന്റർനാഷണൽ റിസർച്ച് ആൻഡ് ട്രെയിനിംഗ് സെന്റർ ഫോർ ബിലോ സീ ലെവൽ ഫാമിംഗ്, കുട്ടനാട്" എന്ന സ്ഥാപനത്തിന് 2026-27 വർഷത്തിൽ 30 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. കുട്ടനാട്ടിലെ കാർഷിക വികസനത്തിനായി 1 ലക്ഷം രൂപ വകയിരുത്തി പ്രത്യേക പദ്ധതിയും ഉൾപ്പെടുത്തിയിട്ടുണ്ട്. കുട്ടനാട്ടിലെ നെൽകൃഷിയിൽ ഏറ്റവും പ്രധാനപ്പെട്ട പ്രവർത്തനമായ നെൽപ്പാടങ്ങൾ വറ്റിക്കുന്നതിന്റെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനായി നിലവിലുള്ള പെട്ടി-പറ സംവിധാനങ്ങൾക്ക് പകരം ഊർജക്ഷമതയുള്ള സബ്മേഴ്സിബിൾ വെർട്ടിക്കൽ ആക്സിയൽ ഫ്ലോ (VAF) പമ്പുകൾ സ്ഥാപിക്കുന്നതിന് മുൻഗണന നൽകുന്നതാണ്. 10 മുതൽ 50 എച്ച്.പി വരെ ശേഷിയുള്ള ഇത്തരം പമ്പുകളും അവ സ്ഥാപിക്കുന്നതിനാവശ്യമായ ഉയർത്തിക്കെട്ടിയ പ്ലാറ്റ്ഫോമുകളും സൗജന്യമായി ലഭ്യമാക്കും. കൂടാതെ, കുട്ടനാട് മേഖലയിലെ പാടശേഖരങ്ങളുടെ അടിസ്ഥാനസൗകര്യ വികസന പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുകയും RKVY, RIDF, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ എന്നിവയുടെ പദ്ധതികളുമായി സംയോജിപ്പിച്ച് വികസന പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുകയും ചെയ്യും. കുട്ടനാട് മേഖലയിലെ അംഗീകൃത വിള കലണ്ടർ കൃത്യമായി പാലിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതോടൊപ്പം, ഹ്രസ്വകാല നെൽവിത്തുകളുടെ ലഭ്യത ഉറപ്പുവരുത്തുന്നതിനും അനുബന്ധ കാർഷിക പ്രവർത്തനങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിനും**

**സർക്കാർ നടപടി സ്വീകരിച്ചുവരുന്നു. ഇപ്രകാരം, കുട്ടനാടൻ കാർഷികമേഖലയുടെ സുസ്ഥിര വികസനം, ഉല്പാദനക്ഷമത വർദ്ധനവ്, പ്രളയ-കാലാവസ്ഥാ വെല്ലുവിളികളെ അതിജീവിക്കാനുള്ള ശേഷി വർദ്ധിപ്പിക്കൽ എന്നിവ ലക്ഷ്യമാക്കി പുതിയ നടപടികൾ 2026-27 പുതുക്കിയ സംസ്ഥാന വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.**

**സെക്ഷൻ ഓഫീസർ**